# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3025

13.07.2015-ൽ മറുപടിയ്ക്ക്

## തിരക്കേറിയ പാതകളിലെ വാഹന പാർക്കിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മോയിൻ കുട്ടി | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിലെ വിവേചനമില്ലാത്ത വാഹന പാർക്കിംഗ് വാഹന ഗതാഗതത്തിനും സൈക്കിൾ, കാൽനട യാത്രക്കാർക്കും ഗുരുതര ഭീഷണി ഉയർത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) റോഡിന്റെ വശങ്ങളിലും ഫുട്പാത്തിലും അലക്ഷ്യമായി വാഹനം പാർക്കു ചെയ്യുകയും അതു നിയന്ത്രിക്കാൻ ശ്രമിക്കുന്ന ട്രാഫിക് ജീവനക്കാരെ വകവയ്ക്കാതിരിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നിയമ നടപടിക്ക് നിർദ്ദേശം നൽകുമോ; | (ബി) നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) തിരക്കേറിയ പ്രധാന പാതകളിലും ഇടുങ്ങിയ റോഡുകളിലും പാർക്കിംഗ് നിരോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) തിരക്കേറിയ പ്രധാന പാതകളിലും ഇടുങ്ങിയ റോഡുകളിലും പാർക്കിംഗ് നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 01.12.2014-ലെ എസ്14/94308/2014 |

നമ്പർ ഉത്തരവ് പ്രകാരം
തിരുവനന്തപുരം സിറ്റിയിൽ എം.ജി
റോഡിലെ, പാളയം മുതൽ
കിഴക്കേക്കോട്ട ഗണപതികോവിൽ
വരെയുള്ള റോഡിനിരുവശത്തുമുള്ള
പാർക്കിംഗ് രാവിലെ 9.30 മണി മുതൽ
11.30 മണിവരെയും, വൈകുന്നേരം 4.00
മണി മുതൽ 6.00 വരെയും
നിരോധിച്ചിട്ടുണ്ട് .

സെക്ഷൻ ഓഫീസർ